श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST ; Government of India)

(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)

www.sctimst.ac.in

## പത്രകുറിപ്പ് (24.9.2022)

ഭാരത സർക്കാർ ശാസ്ത്ര സാങ്കേതിക മന്ത്രലയത്തിന്റെ സ്വയം ഭരണ സ്ഥാപനമായ തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, കാർഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള പീഡിയാട്രിക് കാർഡിയോളജി വിഭാഗം, **രാജ്യത്തെ ആദ്യ "ഫോണ്ടാൻ ക്ലിനിക്ക് ഓ പി" ആരംഭിക്കുന്നു.**

ചില കുട്ടികളിൽ ജന്മനാ ഉണ്ടകുന്ന, സങ്കീർണ്ണമായ 'യൂണിവെൻട്രിക്കുലാർ ഹൃദ്രോഗങ്ങൾ' പരിഹരിക്കുവാൻ ഘട്ടംഘട്ടമായി ചെയ്യുന്ന ഹൃദയശസ്ത്രക്രിയകളുടെ പേരാണ് 'ഫോണ്ടാൻ ശസ്ത്രക്രിയ" അഥവാ 'ടോട്ടൽ കാവോപൾമോണറി കണക്ഷൻ (ടിസിപിസി)'. ഇത്തരം ശസ്ത്രക്രിയകൾക്ക് വിധേയമായവരെ കൃത്യമായ ഇടവേളകളിൽ പുനഃപരിശോധനാ നടത്തി വിലയിരുത്തുന്നതിനും മികച്ച സമഗ്ര ചികിത്സാ നടപ്പിലാക്കുന്നതിനുള്ള ഒരു സമർപ്പിത ക്ലിനിക്കാണ് ശ്രീ ചിത്രയിൽ ആരംഭിക്കുന്ന ഫോണ്ടാൻ ക്ലിനിക്ക്.

കാർഡിയോളജി, കാർഡിയോവാസ്കുലർ & തൊറാസിക് സർജറി, കാർഡിയാക് അനസ്തേഷ്യോളജി, ഇമേജിംഗ് സയൻസസ്, ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വകുപ്പുകൾ ഉൾപ്പെടെയുള്ള ശ്രീ

ചിത്രയുടെ 'കൺജെനിറ്റൽ ഹാർട്ട് സർവീസസ്' ടീമിന്, കുട്ടികളിൽ ജന്മനാ ഉണ്ടകുന്ന സങ്കീർണ്ണമായ 'യൂണിവെൻട്രിക്കുലാർ ഹൃദ്രോഗങ്ങൾ' ചികിത്സിക്കുന്നതിൽ മികിച്ച വൈദഗ്ധ്യമുണ്ട്.

'ഫോണ്ടാൻ ശസ്ത്രക്രിയ" പൂർത്തീകരിച്ച ഇരുനൂറിലധികം രോഗികളാണ് ശ്രീ ചിത്രയിൽ ചികിത്സ നടത്തി വരുന്നത്, അവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ ചിത്രയിലെ കാർഡിയോളജി വിഭാഗത്തിന് കീഴിലുള്ള 'പീഡിയാട്രിക് കാർഡിയോളജി' വിഭാഗം ഈ ഫോണ്ടാൻ ശസ്ത്രക്രിയക്കു വിധേയരായവരുടെ സമഗ്രമായ പരിചരണത്തിനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുന്നു, അതിനു വേണ്ടിയുള്ള വിവിധ വകുപ്പുകളുടെ ഏകോപനം വിഭാവനം ചെയ്യുന്ന ഒരു സമർപ്പിത പദ്ധതി ആണ് 'ഫോണ്ടാൻ ക്ലിനിക്കിലൂടെ' യാഥാർഥ്യമാക്കുന്നത്. എല്ലാ തിങ്കളാഴ്ചയും : രാവിലെ ഒമ്പതു മുതൽ പതിനൊന്നു വരെയാണ് ക്ലിനിക് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്.

ഫോണ്ടാൻ ക്ലിനിക്കിന്റെ ആവശ്യകത:

സങ്കീർണ്ണമായ യൂണിവെൻട്രിക്കുലാർ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികളുടെ സമഗ്ര ചികിത്സയുടെ ഒരു നാഴികക്കല്ലാണ് ഘട്ടം ഘട്ടമായി ചെയ്യുന്ന 'ഫോണ്ടാൻ സർജറി'. ഈ രോഗവുമായി ജനിക്കുന്ന 90% കുട്ടികളും, 'ഫോണ്ടാൻ സർജറി ചികിത്സ ഇല്ലായിരുന്നു എങ്കിൽ, അവരുടെ ആയുസ്സ് ആദ്യ വർഷം താണ്ടില്ലായിരുന്നു

ഈ ശസ്ത്രക്രിയകൾ വഴി ജീവൻ രക്ഷിക്കുക ആണ് പരമപ്രധാനമെങ്കിലും, ശസ്ത്രക്രിയ വഴി നിർമിച്ചെടുക്കുന്ന പുതിയ രക്തചംക്രമണം സാധാരണ മനുഷ്യ രക്തചംക്രമണത്തിൽ നിന്ന് നിരവധി സങ്കീർണതകൾ നിറഞ്ഞതാണ്. ശസ്ത്രക്രിയയ്ക്ക് ശേഷം, കുട്ടിയുടെ പ്രായം വർദ്ധിക്കുന്നതിനനുസരിച്ച് വെല്ലുവിളികൾ ഉണ്ടാകാറുമുണ്ട്.

മനുഷ്യ ശരീരത്തിലെ സാധാരണ രക്തചംക്രമണത്തെ പിന്തുണയ്ക്കുന്ന രണ്ട്-പമ്പ് ഉള്ള ഹൃദയം ഈ രോഗാവസ്ഥ ഉള്ളവർക്ക് പ്രായോഗികമല്ലാത്തതിനാൽ, ശരീരത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിനായി അവയെ ഒറ്റ-പമ്പ് രക്തചംക്രമണത്തിലേക്ക് മാറ്റുന്നു.

പുതിയ രക്തചംക്രമണം വളരെക്കാലം നന്നായി നടക്കുമെങ്കിലും , മറ്റു പ്രധാന അവയവങ്ങളായ കരൾ, വൃക്ക, ശ്വാസകോശം, കുടൽ എന്നിവ പുതുതായി രൂപപ്പെട്ട രക്തചംക്രമണവുമായി പൊരുത്തപ്പെടുന്നതിൽ ചില സങ്കീർണതകൾ ഉണ്ടായേക്കാം. അതിനാൽ കൃത്യമായ ഇടവേളകളിൽ കാർഡിയോളോജിസ്റ് ഉൾപ്പടെയുള്ള വിദഗ്ദ്ധരുമായി പുനഃപരിശോധന നടത്തി ആരോഗ്യം വിലയിരുത്തേണ്ടതാണ്. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത നേരത്തേ കണ്ടെത്തുന്നതിനും ഫലപ്രദമായി പരിഹരിക്കുന്നതിനും പുനഃപരിശോധനകൾ സഹായിക്കും.

ക്ലിനിക്കിന്റെ ലക്ഷ്യങ്ങൾ:

- ഫോണ്ടാൻ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെയും മുതിർന്നവരുടെയും സമഗ്രമായ പരിചരണവും തുടർനടപടികളും ഈ ക്ലിനിക്കിലൂടെ ലക്ഷ്യം വയ്ക്കുന്നു..
- വിപുലമായ ഇമേജിംഗും കാർഡിയാക് കത്തീറ്ററൈസേഷനും ഉൾപ്പെടെ ഉള്ള ആവശ്യമായ ആധുനിക ശാസ്ത്രീയ പരിശോധനകൾ സമയബന്ധിതമായി പരിഗണിച്ചുകൊണ്ട്, ജീവിതനിലവാരം മെച്ചപ്പെടുത്തുക. ശ്രീ ചിത്രയിലെ 'കൺജെനിറ്റൽ ഹാർട്ട് സർവീസസിലെ' ജോയിന്റ് കാർഡിയാക് ടീം അംഗീകരിച്ച പ്രോട്ടോകോൾ പ്രകാരം ആയിരിക്കും ഇത് നടപ്പിലാക്കുന്നത്

- കാർഡിയോളജിയുടെ എല്ലാ വിഭാഗങ്ങളും, കാർഡിയാക് സർജറി, കാർഡിയാക് അനസ്തേഷ്യോളജി, ഫിസിക്കൽ മെഡിസിൻ, റീഹാബിലിറ്റേഷൻ സ്പെഷ്യലിസ്റ്റുകൾ, വാസ്കുലർ സർജറി, റെസ്പിറേറ്ററി മെഡിസിൻ, നെഫ്രോളജി, ഗ്യാസ്ട്രോഎൻററോളജി, എൻഡോക്രൈനോളജി കൺസൾട്ടൻസി എന്നിവയുടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുത്തി സമഗ്ര പരിചരണം നടപ്പിലാക്കുക.
- ഫോണ്ടാൻ സർജറി ചികിത്സക്ക് വിധേയരായ രോഗികളുടെ ഒരു രജിസ്ട്രി രൂപീകരണം.
- രോഗികൾക്കും, മറ്റ് ആരോഗ്യപ്രവർത്തകർക്കും വിദഗ്ദ്ധ ഉപദേശം **തേടുന്നതിനുള്ള , ഒരു പോർട്ടലായും ശ്രീ ചിത്രയിലെ ഫോണ്ടാൻ ക്ലിനിക്ക്** പ്രവർത്തിക്കും. ടെലിമെഡിസിൻ വിഭാഗമാണ് ഇത് ചെയ്യുന്നത്.

**"ഫോണ്ടാൻ ക്ലിനിക്ക് ഓ പി" ഉദ്ഘാടനം: 2022 സെപ്റ്റംബർ 26 തിങ്കളാഴ്ച രാവിലെ 08:00 മണിക്ക് , ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഡയറക്ടർ ബഹു. ഡോ. സഞ്ജയ് ബിഹാരി നിർവഹിക്കുന്നതാണ്.**

**For more details/INTERVIEW:**


- KRISHNAMOORTHY.K.M.(DR) [PROFESSOR]

  Head , Department of Cardiology, SCTIMST

- ARUN GOPALAKRISHNAN(DR) [ASSOCIATE PROFESSOR]
  arungk@sctimst.ac.in (CARDIOLOGY DEPT): 8547609631

- SANKARA GANGADHARA SARMAS (PRO IN CHARGE)

  **9387774689**
  **PRO@SCTIMST.AC.IN**

1.